തൊഴിലും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

ക്ഷേമമന്ത്രി അസ്സാമിൽ വച്ചുനടത്തിയ ചർച്ചകൾ.

* 1351. [36] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട ക്ഷേമമന്ത്രി 1959-ഏപ്രിൽമാസത്തിൽ അസ്സാമിൽ പോയപ്പോൾ അവരുമായി, എന്തെല്ലാം ചർച്ചകൾ കേരളത്തിനു വേണ്ടി നടത്തുകയുണ്ടായി ;

(ബി) ഈ യാത്രകൊണ്ടും ചർച്ചകളുടെ ഫലമായും നമുക്കുണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാം ?

ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) അസ്സാംമുഖ്യമന്ത്രിയും, അസ്സാം മില്ലേഴ്സ് അസോസിയേഷൻ ഭാരവാഹികളും പങ്കെടുത്ത ഒരു കോൺഫറൻസിൽവച്ച് അസ്സാം കമ്പോളത്തിലെ സ്ഥിതിയെപ്പറ്റിയും കേരളത്തിനു് അരിവാങ്ങുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റിയും ചർച്ച ചെയ്യുകയുണ്ടായി.

(ബി) അസ്സാംഅരിക്കമ്പോളത്തിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ നമുടെ അടിയന്തിര ആവശ്യം കേന്ദ്രത്തെ അറിയിക്കുന്നതിനും സാധിച്ചതിനു പുറമെ അസ്സാമിൽനിന്നും അരി വാങ്ങുന്നതിനുള്ള ചില ഏർപ്പാടുകളും ചെയ്യാനും സാധിച്ചു.

മൊബൈൽ ഹോസ്പിറ്റലുകൾ.

* 1352. [37] ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര മൊബൈൽ ഹോസ്പിറ്റലുകളാണ് ഈ സ്റ്റേറ്റിൽ സ്ഥാപിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നത് ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ എവിടെയാണ് ഈ വർഷം മൊബൈൽ ഹോസ്പിറ്റൽ സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്നത് ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കാഞ്ഞിരംകുളത്ത് ഒരു മൊബൈൽ ഹോസ്പിറ്റൽ സ്ഥാപിക്കണമെന്നും അതിന് ആവശ്യമായ സ്ഥലം സംഭാവനയായി നൽകാമെന്നും കാഞ്ഞിരംകുളം പഞ്ചായത്ത് മുഖാന്തരം നടത്തിയ നിവേദനത്തിന്മേൽ എന്തു നടപടി ഗവണ്മെന്റ് സ്വീകരിച്ചു ;

(ഡി) കാഞ്ഞിരംകുളം പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ അവിടെ ഒരു മൊബൈൽ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ വർഷം കാഞ്ഞിരംകുളത്ത് ഒരു മൊബൈൽ ഹോസ്പിറ്റൽ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly